# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ തെരുവുവിളക്കുകളുടെ വിതരണം, സ്ഥാപിക്കൽ, പരിപാലനം - വ്യവസ്ഥകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം.3140/2015/തസ്വഭവ തിരുവനന്തപുരം, തീയതി : 16.10.2015.**

---

പരാമർശം : 1. 19.02.2015-ലെ സ.ഉ(സാധാ)നം.493/2015/തസ്വഭവ നമ്പർ ഉത്തരവ്
2. 24.08.2015-ലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം ഇനം നം.3.34
3. 23.09.2015-ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനം

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ തെരുവുവിളക്കുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വിതരണവും പരിപാലനവും സംബന്ധിച്ച പ്രവൃത്തികൾ ചെയ്യുന്നതിനായി ക്രൂസ്, യുണൈറ്റഡ് ഇലക്ട്രിക്കൽസ്, കെൽട്രോൺ എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിരുന്നു. ടി പ്രവൃത്തികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ടി സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്ന് ചില വീഴ്ചകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പരാമർശം 2-ലെ കോ-ഓർഡിനേഷൻ സമിതി തീരുമാനപ്രകാരം ടി സ്ഥാപനങ്ങളുടെ യോഗം വിളിച്ച് പ്രശ്നപരിഹാരത്തിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയതിൻപ്രകാരം ടി സ്ഥാപനങ്ങളുടെ പ്രതിനിധികളുമായി നടത്തിയ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വ്യവസ്ഥകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ക്രൂസ്, യുണൈറ്റഡ് ഇലക്ട്രിക്കൽസ്, കെൽട്രോൺ എന്നീ സ്ഥാപനങ്ങൾ അവരവർക്ക് ചുമതലപ്പെടുത്തിയ ജില്ലകളിലെ തെരുവുവിളക്കുകളുടെ വിതരണം (supply), സ്ഥാപിക്കൽ (Erection), പരിപാലനം (Maintenance) എന്നീ മൂന്ന് പ്രവൃത്തികളും ചെയ്യേണ്ടതാണ്.

2. ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ കെ.എസ്.ഇ.ബിയിൽ നിന്നും ക്ലിയറൻസ് വാങ്ങിയതിനുശേഷം വേണം സപ്ലൈ ഓർഡർ നൽകേണ്ടത്.

3. സപ്ലൈ ഓർഡർ നൽകിക്കഴിഞ്ഞാൽ ഓർഡർ കിട്ടുന്ന സ്ഥാപനങ്ങൾ ഒരാഴ്ചയ്ക്കകം ഓർഡർ അംഗീകരിച്ചുകൊണ്ട് മറുപടി നൽകേണ്ടതാണ്. ഒരാഴ്ചയ്ക്കുള്ളിൽ മറുപടി ലഭിക്കുന്നില്ലെങ്കിൽ സ്ഥാപനത്തിന് താൽപര്യമില്ല എന്ന രീതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തമായി ടെണ്ടർ നടപടി മുഖേന പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതാണ്.

4. ഒരു സ്ഥാപനത്തെ ജോലി ഏൽപ്പിച്ചു കഴിഞ്ഞാൽ പ്രസ്തുത പ്രവൃത്തി മൂന്നാഴ്ചയ്ക്കുള്ളിൽ പൂർത്തിയാക്കേണ്ടതാണ്.

5. പ്രവൃത്തി പൂർത്തിയായി 15 ദിവസത്തിനുള്ളിൽ പേയ്മെന്റ് നൽകേണ്ടതും ഈ കാര്യത്തിൽ വീഴ്ച വരുത്തുന്ന പക്ഷം സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ പലിശ നൽകേണ്ടതും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതുമാണ്.

6. അവരവർക്ക് ചുമതലപ്പെടുത്തിയ ജില്ലകൾക്ക് പുറത്ത് പ്രവൃത്തി ഒരു സ്കീമിലും ഉൾപ്പെടുത്തി എടുക്കാൻ പാടില്ലാത്തതാണ്. അങ്ങനെ പ്രവൃത്തി എടുക്കുന്ന പക്ഷം സ്ഥാപനത്തിന്റെ അക്രഡിറ്റേഷൻ റദ്ദാക്കുന്നതാണ്.

7. ഒരു പ്രവൃത്തി ഏറ്റെടുത്ത് പൂർത്തിയാകാതെ വന്നാൽ ഏറ്റെടുത്ത സ്ഥാപനത്തിന്റെ റിസ്ക് ആന്റ് കോസ്റ്റിൽ ടെണ്ടർ നടപടി വഴി പ്രവൃത്തി പൂർത്തിയാക്കുന്നതും വീഴ്ച വരുത്തിയ സ്ഥാപനത്തെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തുന്നതുമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
കെ.എസ്.ശോഭന
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ
ചെയർമാൻ, ക്രൂസ്
മാനേജിംഗ് ഡയറക്ടർ, യുണൈറ്റഡ് ഇലക്ട്രിക്കൽസ്, കൊല്ലം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ